**കേരള സർക്കാർ**

സംഗ്രഹം

**തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- കോഴിക്കോട് കോർപ്പറേഷനിൽ ടൗൺ പ്ലാനിംഗ് വിഭാഗത്തിൽ യു.ഡി.ക്ലർക്കായിരുന്ന ശ്രീ അബ്ദുൾ ജബ്ബാർ-നെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 475/2019/തസ്വഭവ. തീയതി, തിരുവനന്തപുരം, 01.03.2019

**പരാമർശം :** 1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 28.09.2012 തീയതിയിലെ ഇ 12(വിഇ 10/2010/എൻആർകെ) 28149/2010 നം.കത്ത്

2.സർക്കാരിന്റെ 07.07.2017 തീയതിയിലെ 10823/ഇയു2/13/തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ

3. 07.05.2018 തീയതിയിലെ സ.ഉ(സാധാ)നം. 1275/2018/തസ്വഭവ.

4.നഗരകാര്യ ഡയറക്ടറുടെ 26.02.2018 തീയതിയിലെ വി2-7559/2014 നമ്പർ കത്ത്.

5. കോഴിക്കോട് നഗരകാര്യജോയിന്റ് ഡയറക്ടറുടെ 01.10.2018 തീയതിയിലെ സി-5883/17 നമ്പർ അന്വേഷണറിപ്പോർട്ട്.

**<u>ഉത്തരവ്</u>**

കോഴിക്കോട് കോർപ്പറേഷനിൽ ടൗൺ പ്ലാനിംഗ് വിഭാഗത്തിൽ കെട്ടിടനിർമ്മാണ പെർമിറ്റിനായി സമർപ്പിച്ച അപേക്ഷ സംബന്ധിച്ച ഫയൽ (ഫയൽ നമ്പർ- ഇ 4/1350/98,ഇ 4/51002/98) കാണാതായത് സംബന്ധിച്ച വിജിലൻസ് അന്വേഷണത്തിൽ ടൗൺ പ്ലാനിംഗ് വിഭാഗത്തിൽ യു.ഡി.ക്ലർക്കായിരുന്ന ശ്രീ. അബ്ദുൾ ജബ്ബാർ ആയതിന് ഉത്തരവാദിയെന്ന് കണ്ടെത്തിയതിനെത്തുടർന്ന് പരാമർശം 2 പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിരുന്നു.

2. കുറ്റാരോപണമെമ്മോയ്ക്കുള്ള ശ്രീ അബ്ദുൾ ജബ്ബാറിന്റെ മറുപടിയിൽ, കോഴിക്കോട് കോർപ്പറേഷനിൽ 12.10.1981 തീയതിയിൽ എൽ.ഡി.സി/ബി.സി തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച താൻ 30.11.2017-ന് സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ളതും, ഇ.4 സെക്ഷനിൽ 06.06.1998 മുതൽ 31.10.2000 വരെയാണ് യു.ഡി ക്ലാർക്കായി സേവനമനുഷ്ഠിച്ചിട്ടുള്ളതെന്നും, ഇ 4/1350/98 നം. ഫയൽ പ്രസ്തുത സെക്ഷന്റെ മുൻഗാമിയായ ശ്രീ എ.കെ പത്മനാഭൻ എന്നിവരിൽ നിന്നും ചാർജ്ജ് ലഭിച്ചിട്ടില്ലാത്തതാണെന്നും, ഇ 4/51002/98 നം ആയി കാണിച്ച ഫയൽ കക്ഷിയ്ക്ക് നമ്പർ ലഭിക്കുന്നതുമായി ബന്ധപ്പെട്ടിട്ടുള്ളതാണെന്നും കക്ഷിയുടെ അപേക്ഷ രജിസ്റ്ററിൽ ചേർത്തശേഷം രണ്ടാം സർക്കിൾ ബിൽഡിംഗ് ഇൻസ്പെക്ടർക്ക് പോക്കുവരവ്

രജിസ്റ്ററിലൂടെ കൈമാറിയിട്ടുള്ളതും, ഈ രജിസ്റ്റർ ടിയാൻറെ പിൻഗാമിയായ ശ്രീ ടി മുഹമ്മദാലിക്ക് ചാർജ്ജ് നൽകിയിട്ടുള്ളതുമാണെന്നും ശ്രീ കെ അബ്ദുൾ ജബ്ബാറിന്റെ മറുപടിയിൽ പറയുന്നു. പരാതിക്കിടയായ താൽക്കാലിക ഷെഡ് നിർമ്മാണത്തിനുള്ള അനുമതി ഫയൽ, താൻ സെക്ഷന്റെ ചാർജ്ജ് ഏറ്റെടുക്കുന്നതിനു മുമ്പ് തന്നെ നടപടി പൂർത്തിയായതും ചാർജ്ജ് ലഭിച്ചിട്ടില്ലാത്തതുമാണെന്നും, മേൽ ഫയൽ കാണാതായതിന് താൻ ഉത്തരവാദിയല്ലെന്നും ശ്രീ അബ്ദുൾ ജബ്ബാറിന്റെ പ്രതിവാദ പത്രികയിൽ അറിയിച്ചിരുന്നു. കുറ്റാരോപണമെമ്മോയ്ക്ക് ശ്രീ അബ്ദുൾ ജബ്ബാർ സമർപ്പിച്ച മറുപടിയിൽ കോഴിക്കോട് റീജിയണൽ ജോയിൻറ് ഡയറക്ടറുടെ അന്വേഷണറിപ്പോർട്ട് പ്രകാരം നഗരകാര്യഡയറക്ടർ സർക്കാരിൽ സമർപ്പിച്ച ശുപാർശയുടെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിക്കുകയും, ശ്രീ അബ്ദുൾ ജബ്ബാറിനെതിരെ കെ.സി.എസ് (സിസി &എ) റൂൾ 15 (ബി) പ്രകാരം അന്വേഷണം നടത്തുന്നതിനായി കോഴിക്കോട് റീജിയണൽ ജോയിൻറ് ഡയറക്ടറെ ചുമതലപ്പെടുത്തി പരാമർശം 3 പ്രകാരം ഉത്തരവായിരുന്നു.

3. കോഴിക്കോട് റീജിയണൽ ജോയിൻറ് ഡയറക്ടറുടെ പരാമർശം 5 ലെ അന്വേഷണ റിപ്പോർട്ട് പ്രകാരം, കുറ്റാരോപണ പത്രികയിൽ കാണിച്ച ഇ.4/1350/98 നമ്പർ ഫയൽ, ഇ.4 സെക്ഷനിൽ 06.06.1998-ന് ചാർജ്ജെടുത്ത യു.ഡി ക്ലാർക്ക് ശ്രീ കെ. അബ്ദുൾ ജബ്ബാറിന് മുൻഗാമിയായിരുന്ന ശ്രീ കെ. പത്മനാഭൻ എന്നവരിൽ നിന്നും ചാർജ്ജ് ലഭിച്ചിട്ടില്ലാത്തതാണ് എന്ന് ബോധിപ്പിച്ചിട്ടുള്ളത് അംഗീകരിക്കാവുന്നതാണ് എന്ന് കാണുന്നതായും, ഇ.4 സെക്ഷനിലെ രേഖകളുടെ ചാർജ്ജ് കൈമാറിയിരുന്ന രേഖകൾ പ്രകാരവും ശ്രീ കെ അബ്ദുൾ ജബ്ബാർ 26.03.14-ന് നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് 23.04.14-ന് ടി.പി 5/37913/14 നമ്പറായി സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറായ എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകിയ മറുപടിയിലെ ഒന്നാമത്തെ ഇനം പ്രകാരവും ആയത് ശരിവക്കാവുന്നതാണ് എന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു.

4. കാണാതായതായി സൂചിപ്പിച്ചിട്ടുള്ള രണ്ടാമത്തെ ഫയൽ (നമ്പർ ഇ.4 51002/98) സംബന്ധിച്ച വിവരം ശ്രീ കെ. അബ്ദുൾ ജബ്ബാർ കൈകാര്യം ചെയ്തിരുന്ന പോക്കുവരവ് രജിസ്റ്ററിൽ ആണ് രേഖപ്പെടുത്തിയിട്ടുണ്ടാവുക എന്നും ആയത് പിൻഗാമിയായ ശ്രീ ടി മുഹമ്മദലി എന്നവർക്ക് ചാർജ്ജ് നൽകിയിട്ടുള്ളതാണെന്നും ശ്രീ അബ്ദുൾ ജബ്ബാർ മൊഴി നൽകിയിട്ടുള്ളത് ബന്ധപ്പെട്ട പോക്കുവരവ് രജിസ്റ്റർ കണ്ടെത്താനായിട്ടില്ലാത്തതിനാൽ സ്ഥിരീകരിക്കുവാനായിട്ടില്ലായെന്ന് അറിയിക്കുന്നു. മേൽ ഫയലുകൾ കാണാതായ സംഗതിയിൽ ആരോപണവിധേയനായ ബിൽഡിംഗ് ഇൻസ്പെക്ടർ ശ്രീ സി എം. സജീന്ദ്രനെ കുറ്റവിമുക്തനാക്കിയിട്ടുള്ള വിവരം ശ്രീ കെ അബ്ദുൾ ജബ്ബാർ ബോധിപ്പിച്ചത് ശരിയാണ് എന്നും അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

5. കോഴിക്കോട് റീജിയണൽ ജോയിൻറ് ഡയറക്ടറുടെ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ കോഴിക്കോട് നഗരസഭയിലെ ടൗൺ പ്ലാനിംഗ് വിഭാഗത്തിലെ ഇ.4/1350/98, ഇ.4/51002/98 നം. ഫയലുകൾ കാണാതായതിൽ സെക്ഷൻ ക്ലാർക്കായിരുന്ന ശ്രീ അബ്ദുൾ ജബ്ബാർ ഉത്തരവാദിയല്ലെന്ന് വ്യക്തമാകുന്നതിനാൽ മെമ്മോ പ്രകാരമുള്ള കുറ്റാരോപണം വസ്തുതാപരമാണെന്ന് കാണുന്നില്ല എന്നതിനാലും ശ്രീ കെ. അബ്ദുൾ ജബ്ബാർ 30.11.2017-ന് സർവ്വീസിൽ നിന്നും റിട്ടയർ ചെയ്തിട്ടുള്ളതു

പരിഗണിച്ചും ശ്രീ.കെ.അബ്ദുൾ ജബ്ബാറിനെതിരെ തുടങ്ങിവച്ച അച്ചടക്ക നടപടികൾ അവസാനിപ്പിക്കുന്നതു പരിഗണിക്കാവുന്നതാണെന്ന് നഗരകാര്യഡയറക്ടർ ശുപാർശചെയ്തിരുന്നു.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അന്വേഷണ ഉദ്യോഗസ്ഥന്റെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിലുള്ള നഗരകാര്യഡയറക്ടറുടെ ശുപാർശ അംഗീകരിച്ചുകൊണ്ട് കോഴിക്കോട് കോർപ്പറേഷനിൽ ടൗൺ പ്ലാനിംഗ് വിഭാഗത്തിൽ ക്ലർക്കായിരുന്ന ശ്രീ.കെ.അബ്ദുൾ ജബ്ബാറിനെതിരായി വിജിലൻസ് റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ ആരംഭിച്ച അച്ചടക്കനടപടിയിൽ തുടർനടപടികൾ ഒഴിവാക്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

എസ് മോഹൻദാസ്
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ.കെ.അബ്ദുൾ ജബ്ബാർ, മുൻ യു.ഡി.ക്ലർക്ക്, ടൗൺ പ്ലാനിംഗ് വിഭാഗം,
കോഴിക്കോട് കോർപ്പറേഷൻ(നഗരകാര്യ ഡയറക്ടർ മുഖേന)
വിജിലൻസ് വകുപ്പ്
(11.02.2019 തീയതിയിലെ VIG D1/273/2018-VIG നമ്പർ കുറിപ്പ് പ്രകാരം)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ